പോലീസ് വകുപ്പ്

കേരളം

**No. G2-13471/2017/Tele**

പോലീസ് ടെലികമ്മ്യൂണിക്കേഷൻ
ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
sptele.pol@kerala.gov.in
04712448707
തീയതി. 11-04-2018

**ലേല പരസ്യം**

തിരുവനന്തപുരം പോലീസ് ടെലികമ്മ്യൂണിക്കേഷൻ ആസ്ഥാന പരിസരത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന ഒരു പെരുമരം 2018 ഏപ്രിൽ മാസം 21-ആം തീയതി രാവിലെ 11 മണിക്ക് ടി ആഫീസ് അങ്കണത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. പരസ്യ ലേലത്തിന് മുന്നോടിയായി കൊട്ടേഷൻ സമർപ്പിക്കാവുന്നതാണ്. കൊട്ടേഷനിൽ പങ്കെടുക്കുന്നവർ 2018 ഏപ്രിൽ മാസം 21 ആം തീയതി രാവിലെ11 മണിക്ക് മുൻപ് സീൽ ചെയ്ത കൊട്ടേഷനും നിരത ദ്രവ്യമായി 1500/- രൂപ (രൂപ ആയിരത്തി അഞ്ഞൂറ് മാത്രം) പോലീസ് സൂപ്രണ്ട്, ടേലികമ്മ്യൂണിക്കേഷൻറെ പേരിൽ എടുത്ത ഡി.ഡി/പേ ഓർഡർ സമർപ്പിക്കേണ്ടതുമാണ്. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യസമയത്ത് തന്നെ ലേല സ്ഥലത്ത് ഹാജരാകേണ്ടതും, 1500/- രൂപ (രൂപ ആയിരത്തി അഞ്ഞൂറ് മാത്രം) നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതും ടിയാൻറെ തിരിച്ചറിയൽ കാർഡിൻറെ ഒരു പകർപ്പ് ഹാജരാക്കേണ്ടതുമാണ്. ലേല നടപടികൾക്ക് ശേഷം ഉയർന്ന തുകയ്ക്ക് ലേലം കൊള്ളുന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതും, മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതുമാണ്. ലേലം കൈക്കൊണ്ടയാൾ ലേലത്തുകയുടെ മൂന്നിൽ ഒന്ന് തുക (നിരത ദ്രവ്യം ഒഴികെ) വിൽപ്പന നികുതിയും ചേർത്ത് ലേല ദിവസം തന്നെ അടയ്ക്കേണ്ടതും, പോലീസ് സൂപ്രണ്ട്, ടെലികമ്മ്യൂണിക്കേഷൻറെ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ബാക്കി തുക കെട്ടി വെച്ച് മറ്റ് വസ്തു വകകൾക്ക് നാശം സംഭവിക്കാതെ പെരുമരം സ്വന്തം ചിലവിൽ മുറിച്ച് നീക്കം ചെയ്യേണ്ടതുമാകുന്നു. പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൈക്കൊണ്ടയാൾ നില കൊള്ളുകയാണെങ്കിൽ ടിയാൻ കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, പെരുമരം പുനർ ലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് വരുന്ന നഷ്ടത്തിന് മുൻ ലേലം കൈക്കൊണ്ടയാൾ ഉത്തരവാദിയാകുന്നതും, സർക്കാരിനുണ്ടാകുന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. പോലീസ് സൂപ്രണ്ട്, ടെലികമ്മ്യൂണിക്കേഷന് യാതൊരു മുന്നറിയിപ്പുമില്ലാതെ ലേലനടപടികൾ മാറ്റിവെയ്ക്കാനോ, അസ്ഥിരപ്പെടുത്തുവാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

സൂപ്രണ്ട് ഓഫ് പോലീസ്

സ്വീകർത്താവ് : പോലീസ് ഡയറക്ടർ ജനറൽ എസ് സി ആർ ബി ക്കു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി.

പകർപ്പ് : 1.കാഷ്യർ,ടെലിയുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി. 2.തിരുവനന്തപുരം ജില്ലയിലെ എല്ലാ പോലീസ് ആഫീസർമാരുടെയും അറിവിലേക്ക്. 3.എസ് ഐ (എച്ച് ക്യു) വിന് അറിവിലേക്കും പരസ്യബോർഡിൽ പ്രദർശിപ്പിക്കുന്നതിനുമായി

G2-13471/2017/Tele

5536db